കോട്ടാത്തല സംഭവം

*റ. ൻറ. (വ) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്യവച്ചിരുന്ന കോട്ടാത്തല സുരേന്ദ്രന്റെ മരണം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവായി പ്രസ്താവിക്കുമോ;

(ബി) മരണം സംബന്ധിച്ച് കൊട്ടാരക്കര പത്രപ്രതിനിധികളും ഐ. എസ്സ്. പി. സെക്രട്ടറിയും അവിടത്തെ കാൺഗ്രസ് കമ്മിറ്റി പ്രസിഡൻറും പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മരണഹേതു അറിയുന്നതിനു് ഗവൺമെണ്ടിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം ഏതു നിലയിലാണ് നടത്തിയതു്;

(ഡി) അന്വേഷണഫലമായി മരണം ഏതു നിലയിൽ സംഭവിച്ചതാണെന്നു് വല്ല തെളിവും ഉണ്ടായിട്ടുണ്ടോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിന്റെ ഉത്തരം നേരത്തെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: അതിലെ ബി. യും. ഡി. യും. ഭാഗങ്ങൾക്കു് ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. നാരായണപിള്ള. അതു പറയാം.

(ബി) ഉണ്ടു്.

(ഡി) അതിനെ സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്താൻ ഉത്തരവു കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പോസ്റ്റുമാർട്ടം സർട്ടിഫിക്കറിൽ മരണഹേതു എന്താണെന്നാണു് പറഞ്ഞിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സർട്ടിഫിക്കറ്റ് എന്റെ കൈവശമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ബഹു: മന്ത്രി ആ സർട്ടിഫിക്കറ്റ് കണ്ടിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള ഇത്ര പ്രാധാന്യമുള്ള ആ സർട്ടിഫിക്കറ്റ് ബഹു: മന്ത്രി കണ്ടിട്ടുള്ള സ്ഥിതിക്കു് അതിൽ എന്തുകാരണമാണു് പറഞ്ഞിരിക്കുന്നതെന്നു് ഓർമ്മയിൽനിന്നു പറയാൻ സാധിക്കയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ എന്തുകാരണമാണു് പറഞ്ഞിരിക്കുന്നതെന്നു് ഇപ്പോൾ ഓർമ്മയില്ല.

സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: മരിച്ചുപോയ സുരേന്ദ്രൻ രക്തസംബന്ധമായ ഒരു സുഖക്കേടുള്ളവനായിരുന്നുവെന്നും ആ രോഗം വന്നാൽ ഉടനെ വേണ്ട പ്രതിവിധി ചെയ്തില്ലെങ്കിൽ മരിച്ചുപോവുക സാധാരണമാണെന്നും അയാളുടെ അച്ഛൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളപോലെതന്നെ ഗവൺമെണ്ടിന്റെ ശ്രദ്ധയിലും പെട്ടിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: പോസ്റ്റുമാർട്ടം സർട്ടിഫിക്കാരനുസരിച്ചു മരണം സ്വാഭാവികമായിട്ടുള്ളതായിരുന്നു എന്നാണോ അല്ലെന്നാണോ കാണുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: സ്വാഭാവികമായിട്ടുള്ളതല്ലെന്ന തോന്നി യതുകൊണ്ടാണ് ഒരു പരസ്യാന്വേഷണം നടത്താൻ എപ്പോഴെ ചെയ്തിരിക്കുന്നത്.

GOVERNMENT HOSPITAL

*293 [9] Sri. R. Chellaswami Nadar: Will the Hon'ble Minister for Finance be pleased to state whether the Government have received representations to open a Government Hospital at Kuzhithura?

ധനകാര്യവും, റവന്യൂവും, വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): കുഴിത്തുറ ഒരു ആശുപത്രി സ്ഥാപിക്കണമെന്ന് കാണിച്ച് ഗവണ്മെന്റിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

സാനിട്ടറി ഇൻസ്പെക്ടർമാർ

*൨൯൪. (൧൦) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ –

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലുള്ള സാനിട്ടറി ഇൻസ്പെക്ടറന്മാരുടെ ഉദ്യോഗം നിറുത്തി അവരെ സാനിട്ടറി അസിസ്റ്റന്റന്മാരായി തരംതാഴ്ത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) അവർ അതിനെപ്പറ്റി മെമ്മോറിയൽ ഗവണ്മെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ റീഓർഗനൈസേഷൻ നടപ്പിൽ വരുത്തുന്നതോടുകൂടി സാനിട്ടറി ഇൻസ്പെക്ടർ എന്ന ഉദ്യോഗം ഉണ്ടായിരിക്കുന്നതല്ല. എങ്കിലും അതേതസ്തികയിൽ സാനിട്ടറി അസിസ്റ്റാൻസ് എന്ന ഉദ്യോഗം ഉണ്ടായിരിക്കുന്നതാണ്.

(ബി) അമ്പലപ്പുഴ, ചേർത്തല, വൈക്കം എന്നീ താലൂക്കുകളിലെ സാനിട്ടറി ഇൻസ്പെക്ടറന്മാരുടെ ഒരു യോഗത്തിൽ അംഗീകരിച്ച ഒരു പ്രമേയവും ആലപ്പുഴയിലെ നാൺഗസറ്റഡ്ഓഫീസറന്മാരുടെ ഒരു യോഗത്തിൽ പാസാക്കിയ ഒരു പ്രമേയവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: ആ പ്രമേയങ്ങളുടെ ഫലമായിട്ട് അതിൽ പറയുന്ന കാര്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതിന് ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ ജോൺ: അക്കാര്യങ്ങളെപ്പറ്റി ആലോചിച്ചിട്ടുണ്ട്. പക്ഷെ അനുവദിച്ചുകൊടുക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

Sri P. Balakrishnan Tampi: May I know whether a change in nomenclature means any degradation?

Sri. A. J. John No.

ഹൈക്കോടതി നിയമനം

*൨൯൫. (൧൧) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.–

(എ) ഹൈക്കോടതിയിലേക്ക നിയമിക്കുവൻ ആരുടെയെല്ലാം പേരുകൾ ഗവണ്മെന്റ് ശുപാർശചെയ്തു?

(ബി) അപ്രകാരം നിയമനങ്ങൾ നടന്നോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly